**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **23-02-2022 - ൽ മറുപടിയ്ക്ക്**

**തിരിച്ചടവ് മുടങ്ങിയ വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി മൂലം കേരള ബാങ്കിൽ കഴിഞ്ഞ വർഷങ്ങളിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവരുടെ വായ്പാ പലിശയിളവ്, സാവകാശം, ഒറ്റത്തവണതീർപ്പാക്കൽ ആനുകൂല്യം എന്നിവയ്ക്കു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കോവിഡ് പ്രതിസന്ധിമൂലം ബാങ്കിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവരുടെ വായ്പാ അക്കൗണ്ടുകളിൽ വായ്പാ പലിശയിളവ്, സാവകാശം, ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം എന്നിവയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1.സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കുന്നതിലേക്കായി അംഗീകാരം നൽകി ബാങ്കിൽ നടപ്പിലാക്കിവരുന്ന നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമോ/ ബാങ്കിൽ നിലവിലുള്ള റിക്കവറി മാനേജ്മെന്റ് പോളിസി വ്യവസ്ഥകൾ പ്രകാരമോ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നപക്ഷം അത്തരം വായ്പകൾക്ക് പലിശയിളവ് അനുവദിച്ച് വരുന്നുണ്ട്. 2. നവകേരളീയം OTS പദ്ധതി പ്രകാരം കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച് കാലതാമസം ആവശ്യപ്പെടുന്ന വായ്പാക്കാർക്ക് നിജസ്ഥിതി പരിശോധിച്ച് പദ്ധതി കാലാവധി അവസാനിക്കും വരെ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകി വരുന്നുണ്ട്. 3. OTS പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും അർഹത അനുസരിച്ച് ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കലിന് അനുമതി നൽകി വരുന്നുണ്ട്. കൂടാതെ അദാലത്തുകളിലൂടെ ഇളവുകളോട് കൂടി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നുണ്ട്. കൂടാതെ ആർ.ബി.ഐ നിബന്ധനകൾക്ക് വിധേയമായി അർഹതപ്പെട്ട വായ്പാക്കാർക്ക് മോറട്ടോറിയം, റിസ്ട്രക്ച്ചറിംഗ് സൗകര്യം എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ